# കേരള കാർഷിക സർവ്വകലാശാല

## സുഗന്ധതൈല ഔഷധ സസ്യ ഗവേഷണകേന്ദ്രം,

അശമന്നൂർ പി.ഓ. ഓടക്കാലി

നം.എ/829/16 തീയതി–22/09/2021

## ടെൻഡർ/ലേലം നോട്ടീസ്

ഓടക്കാലി സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിന്റെ 5A,7,10,11,12,13 ബ്ലോക്കുകളിലായി ജീവനും സ്വത്തിനും ഭീഷണിയായി നിന്നിരുന്ന ഇതോടൊപ്പം അനുബന്ധമായി കൊടുത്തിട്ടുള്ള വിവിധയിനങ്ങളിൽപ്പെട്ട വൃക്ഷങ്ങളുടെ മുറിച്ചിട്ട തടിക്കഷണങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ ടെൻഡർ/ലേലം ചെയ്തെടുക്കാൻ താൽപര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡർ/ലേലത്തിൽ ഉൾപ്പെട്ട മരങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| നമ്പർ | മരങ്ങളുടെ പേര് | ബ്ലോക്ക് നമ്പർ | തടിക്കഷണങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | വട്ട | 7 | 6 |
| | | 10 | 7 |
| | | 12 | 1 |
| 2 | തേക്ക് | 5A | 4 |
| | | 7 | 15 |
| | | 11 | 1 |
| | | 10 | 3 |
| | | 12 | 5 |
| 3 | ' ആഞ്ഞിലി | 7 | 2 |
| | | 11 | 5 |
| | | 12 | 14 |
| | | 13 | 3 |
| | | 5A | 4 |
| 4 | പ്ലാവ് | 6 | 2 |
| | | 12 | 9 |
| | | 5A | 2 |
| 5 | വെട്ടി | 10 | 1 |
| 6 | കുമിഴ് | 7 | 1 |
| 7 | പാല | 12 | 1 |

Cost of Tender form - രേഖപ്പെടുത്തിയ തുകയുടെ 0.2% (100ന്റെ ഗുണിതങ്ങളായി) (മിനിമം 400 രൂപ + ജി.എസ്.ടി 18%)

### ടെൻഡർ വ്യവസ്ഥകൾ

1. ടെൻഡറിൽ പറഞ്ഞിരിക്കുന്ന മരത്തടികൾ ഓടക്കാലി സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്ര പരിധിയിലുള്ള വിവിധ ബ്ലോക്കുകളിൽ വെട്ടിയിട്ട നിലയിൽ കിടക്കുന്നു.
2. ടെൻഡർ നോട്ടീസും അനുബന്ധ ഫോമുകളും കാർഷിക സർവകലാശാല വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (htpp://www.kau.in/tender)
3. പ്രൊഫസർ & ഹെഡ്, സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രം, അശമന്നൂർ പി.ഓ. ഓടക്കാലി എന്ന വിലാസത്തിൽ പൂരിപ്പിച്ച ടെൻഡർ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 07.10.2021 ഉച്ചയ്ക്ക് 3 മണിവരെ ആകുന്നു.
4. ലേലം ചെയ്യാൻ ഉദ്ദേശിക്കുന്ന തടികൾ പ്രവൃത്തി ദിവസങ്ങളിൽ ഫാമിൽ വന്ന് പരിശോധിക്കാവുന്നതാണ്. ലേല സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് ഫാം ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. (ഫാം സൂപ്രണ്ട് 9447179846, 9400820442)
5. ടെൻഡർ ഫോമിൽ ഓരോ ഇനം തടിയുടേയും മൊത്തം തുക പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
6. ടെൻഡറിനോടൊപ്പം നിശ്ചിത നിരതദ്രവ്യം (4,000/-) പ്രൊഫസർ & ഹെഡ്, സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിന്റെ പേരിൽ SBI ഓടക്കാലി ബ്രാഞ്ചിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.

7. ഓടക്കാലി സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിൽ വെച്ച് 08.10.2021 ന് രാവിലെ 11.00 മണിക്ക് പ്രസ്തുത തടിയുടെ ലേലം ഉണ്ടായിരിക്കുന്നതാണ്.
8. നിരത ദ്രവ്യം കെട്ടിവച്ചവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.
9. ലേലത്തിനു ശേഷം ടെൻഡറുകൾ 08.10.2021 ന് ഉച്ചയ്ക്കു 12.30 നു തുറക്കുന്നതും എറ്റവും കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിക്കോ അല്ലെങ്കിൽ എറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിച്ച വ്യക്തിക്കോ ഏതാണോ കൂടുതൽ ആ തുകയ്ക്ക് സർക്കാർ ടെൻഡർ/ലേലം വ്യവസ്ഥ കൾക്ക് വിധേയമായി സ്ഥിരപ്പെടുത്തുന്നതാണ്.
10. മൂല്യ നിർണ്ണയ വിലയ്ക്കനുസൃതമായി ടെൻഡർ/ലേലം തൃപ്തികരമല്ലെങ്കിൽ ടെൻഡർ/ലേലം ഉറപ്പിക്കുന്നതല്ല.
11. ടെൻഡർ/ലേലം സ്വീകരിച്ചു കഴിഞ്ഞാൽ പ്രസ്തുത വ്യക്തി മൊത്തം തുകയുടെ 1/3 തുക അന്നുതന്നെ കെട്ടിവക്കേണ്ടതും ബാക്കിസംഖ്യയും, അനുബന്ധ നികുതികളും അടച്ചു 10 ദിവസ ത്തിനകം ഗവേഷണകേന്ദ്രത്തിന്റെ പരിധിയിൽ നിന്നും സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും മരത്തടി കൊണ്ടു പോകേണ്ടതുമാണ്.
12. യാതൊരു കാരണവും കാണിക്കാതെ ടെൻഡർ മാറ്റിവെക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്ന തിനോ ഉള്ള അധികാരം ഗവേഷണകേന്ദ്ര മേധാവിയിൽ നിക്ഷിപ്തമാണ്.
13. പ്രവർത്തി ദിവസങ്ങളിലും ഓഫീസ് സമയത്തും മാത്രമേ മരത്തടികൾ നീക്കം ചെയ്തുകൊണ്ടു പോകുവാൻ പാടുള്ളു.
14. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നവയും വ്യക്തമല്ലാത്തതുമായ ടെൻഡർ നിരസിക്കുന്നതായിരിക്കും.
15. സർക്കാർ ടെൻഡർ/ ലേലത്തിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഇതിനും ബാധകമായി രിക്കും. നിയമപ്രകാരമുള്ള സർക്കാർ നികുതികൾ അടയ്ക്കാൻ ലേലം കൊള്ളുന്ന വ്യക്തി ബാധ്യസ്ഥനായിരിക്കും.
16. ഏതെങ്കിലും കാരണവശാൽ മുകളിൽ പറഞ്ഞ തീയതി അവധി ദിവസമാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥലത്ത് അതേസമയത്ത് ലേലം നടക്കുന്നതായി രിക്കും.
17. മരത്തടികൾ നീക്കംചെയ്യുമ്പോൾ സർവ്വകലാശാല വസ്തുവകകൾക്ക് യാതൊരുവിധ നാശ നഷ്ടവും വരുത്തുവാൻ പാടില്ല. അങ്ങനെ സംഭവിക്കുന്നതായാൽ അതിന്റെ വില (മേധാവി നിശ്ചയിക്കുന്ന തുക) അടയ്ക്കുവാൻ ലേലം കൊണ്ടവ്യക്തി ബാധ്യസ്ഥനായിരിക്കും.

| | | |
|---|---|---|
| ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയ്യതി | – | **07.10.2021, 3.00 pm.** |
| ലേലം വിളിക്കുന്ന തീയ്യതി, സമയം | – | **08.10.2021, 11.00 am.** |
| ടെൻഡർ തുറക്കുന്ന തീയ്യതി, സമയം | – | **08.10.2021, 12.30 pm.** |
| ലേലം വിളിക്കുന്ന സ്ഥലം | – | സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി. |

(ഒപ്പ്/-)

ഡോ. ആൻസി ജോസഫ്

പ്രൊഫസർ ആന്റ് ഹെഡ്

പകർപ്പ് –

പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്

വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്

കൃഷി ഭവൻ നോട്ടീസ് ബോർഡ്

സെയിൽസ് കൗണ്ടർ, ഫാം ഓഫീസ്, ഭരണ കാര്യാലയം നോട്ടീസ് ബോർഡുകൾ.

വെബ്സൈറ്റ് കെ.എ.യു.

ഫാം സൂപ്രണ്ട്.